LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത ക്രൈം കേസുകൾ

113 [69] *ശ്രീ. മത്തായി ചാക്കോ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് 2005 മേയ് 31 വരെ രജിസ്റ്റർ ചെയ്ത ക്രൈം കേസുകൾ എത്രയാണ്;

(ബി) ക്രൈം കേസുകളുടെ ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) ഇവയിൽ എത്ര എണ്ണത്തിൽ അന്വേഷണം പൂർത്തിയാക്കി കോടതികളിലേക്ക് റഫർ ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ;

(ഡി) ഇവയിൽ എത്ര എണ്ണത്തിൽ അന്വേഷണം പൂർത്തിയാക്കി കോടതിയിൽ കുറ്റപത്രം സമർപ്പിക്കാനുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) ക്രൈം കേസുകളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുവരുന്നതിന്റെ കാരണങ്ങൾ സർക്കാർ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ..... (ഇ) വിവരം ശേഖരിച്ചുവരുന്നു.

പോലീസ് രജിസ്റ്റർ ചെയ്ത വിവിധ കേസുകൾ

114 [70] *ശ്രീ. കെ. പി. രാജേന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 മേയ് മാസത്തിനുശേഷം സംസ്ഥാനത്ത് സ്ത്രീപീഡനവുമായി ബന്ധപ്പെട്ട എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇതിൽ എത്ര കേസുകളിൽ ശിക്ഷ നടപ്പാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) 2001-നുശേഷം കൊലപാതകം, കവർച്ച, ഭവനഭേദനം, പിടിച്ചുപറി, തട്ടിക്കൊണ്ടുപോകൽ, ബലാൽസംഗം തുടങ്ങിയ വിവിധ ക്രൈമുകളിലായി എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇതിൽ 2004 സെപ്റ്റംബറിനുശേഷം ഇതുവരെ വിവിധ കുറ്റകൃത്യങ്ങളിലായി എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് വിവിധ തലത്തിലുള്ള മാഫിയാ-ഗുണ്ടാ സംഘങ്ങളുടെ വളർച്ച ശക്തിപ്പെട്ടുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് അമർച്ച ചെയ്യുന്നതിനായി പോലീസ് സേനയിൽ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

GPM. 2/564/2012—20

(ഇ) പ്രസ്തുത കേസുകളിൽ പോലീസുകാർ പ്രതികളായിട്ടുള്ളവ എത്രയാണ്; ഏതൊക്കെ കേസുകളിലാണ് പോലീസുകാർ പ്രതികളായിട്ടുള്ളത്; ഡിപ്പാർട്ടുമെന്റ് തലത്തിൽ ഇവർക്കെതിരെ എന്തു നടപടിയെടുത്തു; വിശദമാക്കാമോ;

(എഫ്) ജീവനും സ്വത്തിനും സംരക്ഷണം നൽകാൻ കഴിയുംവിധം ആവശ്യമായ പരിഷ്കാരങ്ങൾ നിയമങ്ങളിൽ വരുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ)—(എഫ്) വിവരം ശേഖരിച്ചുനൽകുന്നതാണ്.

രജിസ്റ്റർ ചെയ്ത വിവിധ കേസുകൾ

115 [71] *ശ്രീ. ചി. എസ്. സുപാൽ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001-ൽ യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര പേർ ആത്മഹത്യ ചെയ്തു;

(ബി) കുടുംബ ആത്മഹത്യകൾ എത്ര;

(സി) കടബാദ്ധ്യതമൂലം സംസ്ഥാനത്ത് എത്ര കർഷകർ ആത്മഹത്യ ചെയ്തിട്ടുണ്ട് എന്നും ഈ കാലയളവിൽ എത്ര കസ്റ്റഡി മരണങ്ങൾ, ബലാൽസംഗ കേസുകൾ എന്നിവ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും എത്ര സ്ത്രീപീഡന കേസുകൾ ഉണ്ടായിട്ടുണ്ടെന്നും ഇതിൽ എത്ര സ്ത്രീകൾ മരണപ്പെട്ടിട്ടുണ്ട് എന്നും അറിയിക്കുമോ;

(ഡി) എത്ര മോഷണകേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്നും, എത്ര ആരാധനാവയങ്ങൾ കവർച്ച ചെയ്യപ്പെട്ടു എന്നും എത്ര വാഹനമോഷണങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്നും എത്ര വർഗ്ഗീയ സംഘർഷങ്ങൾ ഉണ്ടായിട്ടുണ്ട് എന്നും ഇതിൽ എത്ര പേർ കൊല്ലപ്പെട്ടു എന്നും വ്യക്തമാക്കാമോ;

(ഇ) സംസ്ഥാനത്ത് തീവ്രവാദ-വർഗീയ സംഘടനകൾ പ്രവർത്തിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇവയിൽ ഏതൊക്കെ സംഘടനകൾക്ക് വിദേശ സഹായം ലഭിക്കുന്നുണ്ട്; വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) (ഇ) വിവരം ശേഖരിച്ചുനൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly